രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. അടിയന്തിരപ്രമേയം

ജനകീയ പോലീസ് പദ്ധതി

[9.30 A.M.] മി. സ്പീക്കർ : രാഷ്ട്രീയ നേതാക്കളുമായും ജനപ്രതിനിധികളുമായും ചർച്ച ചെയ്തതിനുശേഷം മാത്രമേ ജനകീയ പോലീസ് സംവിധാനം നടപ്പിലാക്കുകയുള്ളൂ എന്ന ഉറപ്പിന് വിരുദ്ധമായി ജനകീയ പോലീസ് ട്രെയിനിംഗ് ആരംഭിക്കുന്നതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ടി.എം. ജേക്കബ്, പി.പി. തങ്കച്ചൻ, ഇസ്ഹാക് കുരിക്കൾ, തോമസ് ചാഴികാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കേരളാ പോലീസിന്റെ പ്രവർത്തനവും പൊതുജനബന്ധം മെച്ചപ്പെടുത്തി കുറ്റാന്വേഷണ ക്രമസമാധാന പരിപാലന ചുമതലയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള കേരളാ ജനകീയ പോലീസ് പദ്ധതിയുടെ കരട് രൂപം തയ്യാറാക്കി പത്രമാധ്യമങ്ങൾ, പൊതുപ്രവർത്തകർ, നിയമജ്ഞർ, ഭരണകാര്യ വിദഗ്ധൻമാർ തുടങ്ങി വിവിധ മേഖലകളിലുള്ളവരുടെ പഠനത്തിനും അഭിപ്രായങ്ങൾക്കുമായി സമർപ്പിച്ചിരിക്കുകയാണ്. പദ്ധതിയുടെ ഇംഗ്ലീഷ് പരിഭാഷ അച്ചടിച്ച് വിതരണം ആരംഭിച്ചിട്ടുണ്ട്. മലയാളം പകർപ്പ് അച്ചടിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതിയെക്കുറിച്ച് ഉന്നയിക്കപ്പെടുന്ന അഭിപ്രായങ്ങളും ചർച്ചകളും ക്രോഡീകരിച്ച് പദ്ധതിയുടെ അന്തിമരൂപം സർക്കാരിന് സമർപ്പിക്കാൻ ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനും നിയമവകുപ്പു സെക്രട്ടറി, ഡയറക്ടർ ജനറൽ ഓഫ് പോലീസ് എന്നിവർ അംഗങ്ങളായും ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. 2000 മാർച്ച് മാസം അവസാനത്തോടെ ചർച്ചകൾ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തോടെ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുവാൻ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ പരിശോധന നടത്തി പദ്ധതിക്ക് അന്തിമരൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്. അസംബ്ളിയിൽ ചർച്ച നടക്കുകയാണ്. കേരള പീപ്പിൾസ് പോലീസ് സ്കീം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച പരിപാടികൾ പദ്ധതിക്ക് അന്തിമരൂപം നൽകിയതിനുശേഷം മാത്രമേ സംഘടിപ്പിക്കാൻ കഴിയുകയുള്ളൂ. പോലീസ് ഉദ്യോഗസ്ഥൻമാർക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാസം തോറുമോ രണ്ടു മാസം കൂടുമ്പോഴോ വിവിധ വിഷയങ്ങളിൽ ഇന്റൻസീവ് കോഴ്സുകൾ സംഘടിപ്പിക്കുകയാണ്. ഡിവൈ.എസ്.പി. മാർക്കുവേണ്ടിയുള്ള പരിശീലനവും ലീഡർഷിപ്പ് ട്രെയിനിംഗ് ഇൻ കമ്മ്യൂണിക്കേഷൻ സ്കിൽസ് എന്ന വിഷയത്തിൽ ഡി.വൈ.എസ്.പി. മാരും സർക്കിൾ ഇൻസ്പെക്ടർമാരും പങ്കെടുക്കുന്ന പരിശീലനപരിപാടിയും ആരംഭിക്കുന്നുണ്ട്. കമ്മ്യൂണിക്കേഷൻ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്കീമിൽ ലീഡർഷിപ്പ് ക്വാളിറ്റീസ്, പ്രിവൻഷൻ ഓഫ് ക്രൈം തുടങ്ങിയ കാര്യങ്ങളിലാണ് പ്രധാനമായും ഇപ്പോഴത്തെ പരിശീലന പരിപാടിയിൽ ഊന്നൽ നൽകുന്നത്. ഡൽഹിയിൽ ചേർന്ന ഇന്ത്യയിലെ ഡി.ജി.പി. മാരുടെ സമ്മേളനത്തിലെ നിർദ്ദേശമനുസരിച്ചാണ് ലീഡർഷിപ്പ് ട്രെയിനിംഗ് ഇൻ കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ കമ്മ്യൂണിറ്റി പോലീസ് എന്ന പരിശീലന ക്ലാസ് സംഘടിപ്പിക്കേണ്ടിവന്നത്. ആറ് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ 34 പേരാണ് പങ്കെടുത്തിട്ടുള്ളത്. കേരള പീപ്പിൾസ് പോലീസ് സ്കീം നടപ്പിലാക്കുന്ന കാര്യം പരിശീലന പരിപാടിയിലെ വിഷയമേ അല്ല. പദ്ധതിക്ക് ഒരു അന്തിമ രൂപം നൽകിയതിനുശേഷം നടപ്പിലാക്കുന്നതിനു വേണ്ടി പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. കേരള പീപ്പിൾസ് പോലീസ് സ്കീമിന്റെ കരട് പദ്ധതി ഇപ്പോൾ ചർച്ചയിലിരിക്കുകയാണ്. ക്രിയാത്മകമായ ഏതു നിർദ്ദേശവും തുറന്ന മനസ്സോടെ ഉൾക്കൊണ്ടുകൊണ്ടു മാത്രമേ പദ്ധതിക്ക് അന്തിമ രൂപം നൽകുകയുള്ളൂ. പദ്ധതിക്ക് അന്തിമരൂപം നൽകിയതിനുശേഷം മാത്രമേ നടപ്പിലാക്കുന്ന പ്രശ്നം ഉദിക്കുന്നുള്ളൂ. രാഷ്ട്രീയ ജാതിമത അഭിപ്രായങ്ങൾക്ക് അതീതമായി ജനങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വവും നീതിയും ലഭിക്കുന്നതിന് കഴിയുംവിധം മാത്രമേ പദ്ധതിക്ക് അന്തിമരൂപം നൽകി നടപ്പാക്കുകയുള്ളൂ. ഇക്കാര്യത്തിൽ യാതൊരാശങ്കയുടേയും ആവശ്യമില്ല.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി മാസം 21-ാം തീയതി ഈ സഭ സമ്മേളിച്ച ദിവസത്തെ ആദ്യത്തെ ചോദ്യം ജനകീയ പോലീസിനെ സംബന്ധിച്ചായിരുന്നു. ജനപ്രതിനിധികളും ജനനേതാക്കളുമായി ചർച്ച നടത്തി അവരുടെ കൂടി അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രമേ ജനകീയ പോലീസ് സ്കീം നടപ്പിലാക്കുകയുള്ളൂവെന്ന് 21-ാം തീയതി ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിച്ച് ഈ സഭയ്ക്ക് ഉറപ്പു നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെ പറഞ്ഞത് സാധാരണ ഗതിയിലുള്ള ഒരു പോലീസ് പരിശീലനമാണ് ഇന്ന് വേളി യൂത്ത് ഹോസ്റ്റലിൽ നടക്കുന്നത് എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെയും സഭാംഗങ്ങളെയും ബോധപൂർവ്വം തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. സർക്കാർ ഇറക്കിയിരിക്കുന്ന പത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത് സംസ്ഥാനത്ത് ജനകീയ പോലീസ് സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥൻമാർക്കുള്ള പരിശീലനം മാർച്ച് 6-നു വേളി യൂത്ത് ഹോസ്റ്റലിൽ ഡി.ജി.പി. ഉദ്ഘാടനം ചെയ്യുമെന്നാണ്. അതനുസരിച്ച് ഡി.ജി.പി. ഇപ്പോൾ അവിടെ ഉദ്ഘാടനം നടത്തിക്കഴിഞ്ഞു. ഉദ്ഘാടനം നടത്തിക്കഴിഞ്ഞതിനുശേഷം ഇത് ശരിയല്ല എന്ന ഒരു തോന്നൽ ഒരു second thought വന്നപ്പോഴാണ് മുഖ്യമന്ത്രി ഇപ്പോൾ ഈ സ്റ്റേറ്റ്മെന്റ് ഇവിടെ നടത്തുന്നത്. പത്രക്കുറിപ്പ് ഇറക്കി സംസ്ഥാനത്തെ എല്ലാ പത്രങ്ങളിലും പത്രം ഓഫീസുകളിലും ഡി.ജി.പി. യുടെ ആഫീസിലും എത്തിച്ചുകൊടുത്തതിനുശേഷം ഇത് അറിഞ്ഞില്ല, കേട്ടില്ല, ഇത് റൂട്ടീൻ ട്രെയിനിംഗ് ആണ്, ഡൽഹിയിൽ നടന്ന ഡി.ജി.പി. മാരുടെ സമ്മേളനത്തിലെ തീരുമാനപ്രകാരം നടക്കുന്ന ട്രെയിനിംഗ് ആണ് എന്നൊക്കെ പറഞ്ഞാൽ അത് വിശ്വസിക്കാൻ ഞങ്ങൾ വിഡ്ഢികളാണോ? അതല്ലെങ്കിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയാണോ? മുഖ്യമന്ത്രി അറിയാതെയാണോ ഡി.ജി.പി. യുടെ പത്രക്കുറിപ്പ് ഉണ്ടായിരിക്കുന്നത്? അതറിയാൻ ഈ സഭയ്ക്ക് ആഗ്രഹമുണ്ട്. ഇന്ന് നക്ഷത്രചിഹ്നമിട്ട 301-ാം നമ്പർ ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത് പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ ഒരു സമ്പൂർണ്ണ കർമ്മമേഖലയാക്കി മാറ്റിത്തീർക്കുന്നതിനു വേണ്ടി കേരള പീപ്പിൾസ് പോലീസ് സ്കീമിന്റെ കരട് തയ്യാറാക്കി പൊതു പ്രവർത്തകരുടേയും നിയമവിദഗ്ദ്ധൻമാരുടേയും മറ്റുള്ളവരുടേയും അഭിപ്രായം അറിയുന്നതിനുവേണ്ടി പൊതു ചർച്ചയ്ക്ക് സമർപ്പിക്കുകയാണ്. ഇതിനെക്കുറിച്ച് വ്യത്യസ്ത തലത്തിൽ ചർച്ചകളും പരിശോധനകളും നടന്നുവരികയാണ് എന്നാണ്. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന്റെ പകർപ്പോ കോപ്പിയോ കൈയ്യെഴുത്ത് പ്രതിയോ ഈ സഭയിലെ പ്രതിപക്ഷ നേതാവിനെങ്കിലും കൊടുത്തിട്ടുണ്ടോ? ഈ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ സംസ്ഥാനത്തിലെ പ്രതിപക്ഷ നേതാവിനുപോലും അതിന്റെ ഒരു കടലാസ് കിട്ടാനുള്ള സാഹചര്യം ഇല്ലെങ്കിൽ പിന്നെ എവിടെ സർക്കുലേറ്റ് ചെയ്യുമെന്നാണ് മുഖ്യമന്ത്രി ഈ സഭയോട് പറയുന്നത്. ഇത് നിങ്ങളുടെ ലോക്കൽ കമ്മിറ്റി ഓഫീസിൽ കൊടുത്തുകാണും. അവിടെ ചർച്ച നടക്കുന്നുണ്ടാകും. ഞങ്ങൾക്ക് കിട്ടിയില്ല. അപ്പുറത്ത് മുൻനിരയിൽ ഇരിക്കുന്ന കക്ഷിനേതാക്കന്മാരിൽ എത്ര പേർക്ക് ഇതിന്റെ കോപ്പി കിട്ടിയിട്ടുണ്ട്? എൽ.ഡി.എഫ്. ചർച്ച ചെയ്തു എന്നു പറഞ്ഞു. ഞങ്ങൾക്ക് പ്രശ്നമില്ല. പത്രം വായിച്ചേ ഞങ്ങൾക്ക് വിവരമുള്ളൂ. അല്ലാതെ ചിലപ്പോൾ ചില വിവരങ്ങൾ കിട്ടിയെന്നു വരാം. മുഖ്യമന്ത്രി ഇത് ആരോടാണ് മറച്ചു വയ്ക്കുന്നത്? ഇവിടത്തെ ലാ ഡിപ്പാർട്ടുമെന്റ് ഈ സ്കീം കണ്ടിട്ടുണ്ടോ? ഞാൻ ചോദിക്കട്ടെ, നമ്മുടെ നിയമസഭാ നടപടി ചട്ടങ്ങളിലെ റൂൾ 235-ൽ പറയുന്നത് എന്താണ്? ഞാൻ അത് വായിക്കുന്നില്ല. 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയം ചർച്ചയ്ക്ക് വരേണ്ടതല്ലേ? ഈ രാജ്യത്തെ ബാധിക്കുന്ന പൊതുവായ ഒരു വിഷയം, ചർച്ചയ്ക്ക് വരേണ്ട ഒരു വിഷയം. ഞങ്ങളുടെ അഭിപ്രായം അറിയേണ്ട ഒരു വിഷയം. ഈ സഭയുടേയും ജനങ്ങളുടേയും അഭിപ്രായം അറിയേണ്ട വിഷയം ഇത്രയും പരമ രഹസ്യമായി മാറ്റിവയ്ക്കണമെങ്കിൽ ഇതിന്റെ പിന്നിൽ വലിയ ഒരു ഗൂഢാലോചനയുണ്ട്. അതിൽ സംശയിക്കേണ്ട കാര്യമില്ല. ഇവിടെ നിങ്ങൾ പോലീസിനെ രാഷ്ട്രീയവൽക്കരിക്കാൻ പോകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നത്തെ ഈ പരിശീലന പരിപാടിയിൽ 17 പോലീസ് ജില്ലകളിൽ നിന്ന് 17 ഡിവൈ.എസ്.പി. മാരെയും 17 സർക്കിൾ ഇൻസ്പെക്ടർമാരേയും തെരഞ്ഞെടുത്തിട്ടുണ്ട്. ഈ തെരഞ്ഞെടുപ്പ് എങ്ങനെ നടത്തി? ഈ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത് നിങ്ങളുടെ ഡിപ്പാർട്ടുമെന്റിലെ തന്നെ ഉയർന്ന രണ്ട് പോലീസ് ഉദ്യോഗസ്ഥന്മാരാണ്. ആ സീനിയർ ഓഫീസർമാർ രണ്ടുപേരും നിങ്ങളുടെ ഗുഡ് ബുക്കിൽപ്പെട്ടവരാണ്. കഴിഞ്ഞ ദിവസം ഏഷ്യാനെറ്റിൽ സംപ്രേക്ഷണം ചെയ്ത പരിപാടിയിൽ നിങ്ങളുടെ ഡിപ്പാർട്ടുമെന്റിലെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ ഐ.ജി. ജനകീയ പോലീസിനെക്കുറിച്ച് സംസാരിക്കുന്നത് കേൾക്കാൻ ഇടവന്നു. അദ്ദേഹത്തിന്റെ സമീപനം എന്തായിരുന്നു? നയം പ്രാഖ്യാപിക്കാൻ ചില ഉദ്യോഗസ്ഥന്മാരെ വിട്ടിരിക്കുന്നു. അവരാണ് ഈ സെലക്ഷൻ നടത്തിയിരിക്കുന്നത്. മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞല്ലോ അവിടെ കോൺഗ്രസ് പോലീസ് ഉണ്ട്, കമ്മ്യൂണിസ്റ്റ് പോലീസ് ഉണ്ട് എന്ന്. അങ്ങനെയുള്ള നിങ്ങളുടെ കമ്മ്യൂണിസ്റ്റ് പോലീസ് കൊടുത്തിരിക്കുന്ന ലിസ്റ്റിൽനിന്നാണ് ഈ സെലക്ഷൻ നടത്തിയത്. കാര്യശേഷിയുള്ള ആളുകളെയല്ല നിങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത് എന്നുള്ള അഭിപ്രായം പോലീസ് ഓഫീസേഴ്സ് ഇതിനകംതന്നെ പരസ്യമായി പ്രകടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. എങ്ങോട്ടാണ് നിങ്ങൾ ഈ സ്റ്റേറ്റിനെ കൊണ്ടു പോകുന്നത്. ഞാൻ മറ്റ് സംഭവങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. മാസത്തിൽ ഒരു ദിവസമെങ്കിലും 1200 വാർഡുകളിലെ ആളുകളെ വിളിച്ചുകൂട്ടി ജനകീയ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് നിയമവാഴ്ചയുടെ കാര്യം ചർച്ച ചെയ്യണം. നിങ്ങൾ കേരളത്തെ എങ്ങോട്ടേയ്ക്ക് കൊണ്ടുപോകുന്നു? ഇവിടെ മാതൃകാ പോലീസ് സ്റ്റേഷൻ ഉണ്ടെന്ന് ഡിക്ലെയർ ചെയ്തിരിക്കുന്നതാണ്. മാതൃകാ പോലീസ് സ്റ്റേഷനിൽ എന്താണ് നടക്കുന്നത്? ഞാൻ അതിലേക്കൊന്നും പോകുന്നില്ല. ഈ സഭാ സമ്മേളനം തുടങ്ങിയതിനുശേഷം അടുത്ത ദിവസങ്ങളിലായി എന്താണ് തലസ്ഥാന നഗരിയിൽ നടന്നത്? ചോദ്യോത്തരവേളയിൽ നീന്തൽ അറിയാത്ത പോലീസിനെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞല്ലോ. നീന്തൽ അറിയാൻ പാടില്ലാത്തതുകൊണ്ടാണ്. പോലീസിന്റെ നിസംഗതയാണ് ഇവിടത്തെ ക്ഷേത്രക്കുളത്തിൽ ഒരു ജീവനക്കാരനെ തല്ലിക്കൊല്ലുമ്പോൾ കണ്ടത്. തൊട്ടപ്പുറത്ത് പിടിച്ചുപറി. പോലീസ് വണ്ടി തടഞ്ഞുനിർത്തി പിരിവ് ചോദിച്ചു. പിടിച്ചുപറി 500 രൂപ. രസീത് ചോദിച്ചപ്പോൾ അവനെ കൊണ്ടുപോയി ഇടിച്ചു. ഒരു മെഡിക്കൽ വിദ്യാർത്ഥിയെ ഇവിടത്തെ പോക്കറ്റടിക്കാരൻ ലോക്കപ്പിനകത്ത് കയറിയാണ് തല്ലിച്ചതച്ചത്. മുഖ്യമന്ത്രി! മാതൃകാ പോലീസ് സ്റ്റേഷന്റെ പ്രതീകങ്ങളാണോ ഇവ? ആലപ്പുഴയിലും, ഹരിപ്പാടും, കോഴിക്കോടും, കൊല്ലത്തും എന്താണ് നടന്നത്? പക്ഷെ ഞാൻ പറയുന്നില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട പോലീസിനെ രാഷ്ട്രീയവൽക്കരിച്ച് സംസ്ഥാനത്തെ ജനജീവിതം താറുമാറാക്കാൻ വേണ്ടി ഗവണ്മെന്റ് സി.പി.ഐ.(എം.) ബോധപൂർവ്വം നടത്തുന്ന ഒരു ഗൂഢാലോചനയുടെ ഫലമാണ് ഈ ജനകീയ പോലീസ് പദ്ധതി. ഇതിനെ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുകയില്ല. ഇവിടെ ചർച്ച ചെയ്യേണ്ടേ? മുഖ്യമന്ത്രി പറഞ്ഞു വാർഡ് തലത്തിൽ, കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ മൂന്ന് കേന്ദ്രങ്ങളിൽ ദേശീയ പ്രാധാന്യമുള്ള മൂന്ന് സെമിനാറുകളും തുടർന്ന് ജില്ല, താലൂക്ക്, പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിൽ സെമിനാറുകളും സംഘടിപ്പിച്ച് ചർച്ചചെയ്യുമെന്ന്. മുഖ്യമന്ത്രി ഡേറ്റും പ്രഖ്യാപിച്ചു. മേയ് മാസം രണ്ടാംതീയതി കേരളത്തിൽ പദ്ധതി നടപ്പിലാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ ഈ രാജ്യം വെള്ളരിക്കാ പട്ടണമാണോ? അല്ലല്ലോ. ഈ പറയുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി നിങ്ങൾക്ക് ഈ സ്കീം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമോ? ഈ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ നിങ്ങൾ കേരളത്തിലെ പോലീസ് സേനയെ നിർവീര്യമാക്കിയിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയോട് ഞാൻ ഒരു കാര്യം ചോദിക്കട്ടെ. മനുഷ്യാവകാശ കമ്മീഷന് കിട്ടിയിരിക്കുന്ന പരാതികളിൽ ഏറ്റവും കൂടുതൽ പരാതികൾ ബഹുമാനപ്പെട്ട ശ്രീ. ഇ.കെ. നായനാരുടെ പോലീസിനെക്കുറിച്ചാണെന്ന് അറിയുമോ? മനുഷ്യാവകാശ കമ്മീഷന് എണ്ണമറ്റ പരാതികൾ കിട്ടിയിട്ടുണ്ട്. ഇവിടെ മുഖ്യമന്ത്രി എഴുന്നേറ്റ് നിന്ന് ലോക്കപ്പ് കൊലപാതകം ഉണ്ടായിട്ടുണ്ടോ എന്ന് വീമ്പിളക്കുമല്ലോ. പോലീസ് കസ്റ്റഡിയിൽ വച്ച് എത്ര നിരപരാധികളെ ഈ ഗവണ്മെന്റ് തല്ലിക്കൊന്നു. കുറ്റകൃത്യം ചെയ്യുന്നവരേയും നിരപരാധികളെയും ക്രൂശിക്കുന്ന പോലീസ്. നിങ്ങൾക്കിഷ്ടമില്ലാത്തവനെ അടിച്ചുകൊല്ലുന്ന പോലീസ്, അടിച്ചുകൊന്നതിനുശേഷം അവന്റെയും അവന്റെ ബന്ധുക്കളുടേയും പേരിൽ കള്ളക്കേസ് എടുക്കുന്ന പോലീസ്. ഈ പോലീസിന്റെ സമീപനത്തോട് ഞങ്ങൾക്ക് യോജിക്കാൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന് വിശേഷിപ്പിക്കുന്ന ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. ഈ പരിപാടി ആവിഷ്കരിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തീരുമാനപ്രകാരം, കേരളത്തിൽ ഈ സ്കീം നടപ്പിലാക്കാനുള്ള എല്ലാ പരിപാടികളും ഒരുക്കിയതിനുശേഷം യാതൊന്നും നടന്നില്ല എന്നുപറയുമ്പോൾ ഇത്

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയോടുള്ള അനാദരവാണ്. കേരളത്തിലെ ജനങ്ങളോടുള്ള അനാദര വാണ്. കേരളത്തിലെ ജനങ്ങളെ വെറും പാവകളാക്കി മാറ്റാനുള്ള ഗവ ണ്മെന്റിന്റെ ബോധപൂർവ്വമായ ശ്രമമാണിത്. അതുകൊണ്ട് ഈ വിഷയം വളരെ പ്രാധാന്യം അർഹിക്കുന്നതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ശ്രീ. ജേക്കബ് പറയുന്ന പോലീസ് ഇവിടെ ഉണ്ടാവില്ല. ഉറപ്പാണ്. ശ്രീ. ജേക്കബ് പറയുന്ന പോലീസ് ഇവിടെ ഇല്ല. കേരളാ ഗവണ്മെന്റ് നയിക്കുന്ന പോലീസേ ഇവിടെയുള്ളൂ. കേരളാ ഗവണ്മെന്റിന്റെ പോലീസ് ഉണ്ട്. അത്രേയുള്ളൂ. കേരളാ പീപ്പിൾസ് പോലീസ് സ്കീമിന്റെ കരട് പദ്ധതി അച്ചടിച്ച് തയ്യാറാക്കിക്കൊണ്ടിരിക്കുകയാ ണെന്ന് പറഞ്ഞു.

"അജ്ഞനം എന്നുപറഞ്ഞാൽ നമുക്കറിയാം

മഞ്ഞളുപോലെ വെളുത്തിട്ട്" അതാണ് ഇപ്പോൾ ശ്രീ. ജേക്കബിന്റെ പ്രസംഗം മുഴുവൻ. കേരള ജനകീയ പോലീസ് പദ്ധതിയുടെ കരട് കോപ്പി ഒരാഴ്ചക്കുള്ളിൽ എം.എൽ.എ. മാർക്ക് വിതരണം ചെയ്യും. എല്ലാ തലത്തിലും ചർച്ച ചെയ്തതിനുശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുകയുള്ളൂ എന്ന് ഞാൻ പല തവണ ഇവിടെ പറഞ്ഞു. ഇപ്പോഴും അത് തന്നെ പറയുന്നു. ശ്രീ. ജേക്കബിന് അത് മനസ്സിലാകില്ല. അയാൾക്ക് വേറെ കുഴപ്പമുണ്ട്. അതുകൊ ണ്ടാണ്. ഇത് സംബന്ധിച്ച് യാതൊരു ആശങ്കയും വേണ്ട. ഇവിടെ ചർച്ച ചെയ്തിട്ടേ ഈ പദ്ധതി നടപ്പിലാക്കുകയുള്ളൂ. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് ചെയർ അനുമതി നിഷേ ധിക്കുന്നു.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഓർഡർ, ഓർഡർ) (ബഹളം .....)

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിൽ ഇറങ്ങിനിന്ന് മുദ്രാ വാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : മറുപടി പറഞ്ഞുകഴിഞ്ഞു. അദ്ദേഹത്തിന് മറുപടി അത്രേയുള്ളൂ. മറുപടി എങ്ങനെ വേണമെന്ന് നിർബന്ധിക്കാൻ ചെയറിന് അവകാശമില്ല.

ശ്രീ. ജോണി നെല്ലൂർ അങ്ങേക്ക് കാളിംഗ് അറ്റൻഷൻ അവതരിപ്പി ക്കാം.

ശ്രീ. ജോണി നെല്ലൂർ : സർ, പത്രക്കുറുപ്പിനെക്കുറിച്ച് മറുപടി പറഞ്ഞി ല്ല. ഗവണ്മെന്റിന്റെ പത്രക്കുറിപ്പിനെക്കുറിച്ച് മുഖ്യമന്ത്രി മറുപടി പറയണം. മറു പടി പറയട്ടെ. (ബഹളം .....)

മി. സ്പീക്കർ : അങ്ങ് ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു. മറുപടി എങ്ങനെ വേണമെന്ന് നിർബന്ധിക്കാൻ ചെയറിന് അവകാശമില്ല.

പ്രൊഫ. എ.വി. താമരാക്ഷൻ അങ്ങേക്ക് കാളിംഗ് അറ്റൻഷൻ അവത രിപ്പിക്കാം. (ബഹളം .....) മറുപടി പറഞ്ഞു. ഓരോരുത്തർക്കും ആഗ്രഹി ക്കുന്നതനുസരിച്ച് മറുപടി പറയാൻ പറ്റുമോ? അത്രയേയുള്ളൂ മറുപടി. പല കാര്യങ്ങളും പറഞ്ഞിട്ടുണ്ടാകും. എല്ലാറ്റിനും അദ്ദേഹത്തിന് മറുപടി പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റിയെന്നുവരില്ല. പത്രക്കുറുപ്പിന്റെ കാര്യം അടിയന്തിരപ്രമേയത്തിന്റെ നോട്ടീസിൽ ഉണ്ടോ? നോട്ടീസിൽ ഇല്ല. അങ്ങ് ഉന്നയിച്ചു എന്നുള്ളത് ശരിയാണ്. അങ്ങ് പ്രസംഗത്തിൽ പല കാര്യങ്ങളും പറഞ്ഞു. അതിനെല്ലാം മറുപടി പറയാൻ പറ്റില്ല. (ബഹളം .....)

അതൊക്കെ നമുക്ക് പിന്നീട് ചർച്ച ചെയ്യാം. (ബഹളം .....)

അടിയന്തിര പ്രമേയത്തിന്റെ സ്കോപ്പനുസരിച്ച് കാര്യങ്ങൾ ചെയ്യുക. അതിൽ പറഞ്ഞില്ലായെങ്കിൽ നിങ്ങൾക്ക് പ്രതിഷേധിക്കാം. നിങ്ങൾക്ക് വാക്കൗട്ട് നടത്താം. നിൽക്കുന്നവർക്കൊന്നും മൈക്ക് കൊടുക്കാൻ പറ്റുകയില്ല. നിങ്ങൾക്ക് പ്രതിഷേധിക്കാം, നിങ്ങൾക്ക് വാക്കൗട്ട് നടത്താം. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, അടിയന്തിര പ്രമേയത്തിന്റെ മറുപടി തൃപ്തികരമല്ലായെങ്കിൽ എന്താണ് മാർഗ്ഗം? അതു സ്വീകരിക്കുക. ഇന്ന രൂപത്തിൽ മറുപടി പറയണമെന്ന് ചെയറിന് ഇൻസിസ്റ്റ് ചെയ്യാൻ പറ്റുകയില്ല. പ്ലീസ് ഹിയർ മി പ്രൊഫ. എ.വി. താമരാക്ഷൻ.

പ്രൊഫ. എ.വി. താമരാക്ഷൻ : എനിക്ക് സംസാരിക്കണം. വളരെ പ്രധാനപ്പെട്ട ഒരു കാര്യം.

മി. സ്പീക്കർ : അങ്ങ് ഉന്നയിക്കുന്നുണ്ടോ? ഞാൻ ഒരു കാര്യം പറയാം. പ്രതിപക്ഷനേതാവുൾപ്പെടെ ഉപനേതാക്കളുൾപ്പെടെ ആരെങ്കിലും സംസാരിക്കാൻ അവസരം ആവശ്യപ്പെടുന്നെങ്കിൽ എല്ലാപേരും അവരവരുടെ സീറ്റുകളിൽ ഇരിക്കണം. അല്ലെങ്കിൽ മൈക്ക് തരുന്ന പ്രശ്നമേയില്ല. (ബഹളം .....)

സീറ്റിൽ പോയിരുന്നാൽ മൈക്ക് തരാം. ശ്രീ. കെ.എം. മാണി, അങ്ങേയ്ക്കു മൈക്ക് തരാം. പക്ഷെ ഈ ഫോമിൽ തരാൻ പറ്റില്ല. ഇതൊരു ശരിയായ ഫോമല്ല. (ബഹളം) ..... (ബഹളം) ..... ശ്രീ. ജി. കാർത്തികേയൻ സംസാരിക്കുന്നുണ്ടോ? (ബഹളം) ..... (പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളി തുടർന്നുകൊണ്ടിരുന്നു).

പ്ലീസ് ..... പ്ലീസ് .....

പ്രൊഫ. എ.വി. താമരാക്ഷൻ : ശ്രദ്ധക്ഷണിക്കൽ പ്രമേയം ഉന്നയിക്കുന്നുണ്ടോ? എങ്കിൽ ഉന്നയിക്കുക. (തുടർന്നും പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുന്നുണ്ടായിരുന്നു) ..... ഇങ്ങനെ നിന്നാൽ മൈക്ക് തരാൻ പറ്റില്ല. തരാൻ ഒക്കില്ല. (ബഹളം) ..... ശ്രീ. ജോണി നെല്ലൂർ, പ്ലീസ്, പ്ലീസ് ..... പ്രൊഫ. എ.വി. താമരാക്ഷൻ അങ്ങ് പ്രമേയം ഉന്നയിക്കുന്നുണ്ടോ?

വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഉന്നയിക്കാനുള്ളത്.

മി. സ്പീക്കർ : ആരെയും ഇൻസിസ്റ്റ് ചെയ്യാൻ പറ്റുകയില്ലല്ലോ. പ്ലീസ് പ്ലീസ് ..... (തുടർന്നും പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുന്നുണ്ടായിരുന്നു).

പ്രൊഫസർ. എ.വി. താമരാക്ഷൻ പ്രമേയം ഉന്നയിക്കുന്നുണ്ടോ?

ശ്രീ. ജോണി നെല്ലൂർ ..... യേസ് ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. കെ.ഇ. ഇസ്മയിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഈ ഒരു അന്തരീക്ഷത്തിൽ എങ്ങനെയാണ് മറുപടി പറയുക?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : കഴിഞ്ഞ ദിവസം സഭയിൽ ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടി പറയാതെ മാറ്റിവച്ചിട്ടുണ്ട്. അതു പറയാം.

ശ്രീ. കെ.ഇ. ഇസ്മയിൽ : വല്ലാത്ത സിറ്റ്യുവേഷനാണ്.

മി. സ്പീക്കർ : എന്താണ് ചെയ്യുക?

(ബഹളം) ..... (ബഹളം) .....

(പ്രതിപക്ഷാംഗങ്ങൾ താഴെക്കാണുന്ന മുദ്രാവാക്യങ്ങൾ വിളിക്കുന്നുണ്ടായിരുന്നു).

പോക്കറ്റടിയും അഴിമതിയും അതാണ് നിങ്ങളുടെ ജനകീയം ..... പോക്കറ്റടിയും അഴിമതിയും അതാണ് നിങ്ങളുടെ ജനകീയം .....

[10 A.M] വേണ്ടേ വേണ്ട ജനകീയ പോലീസ് വേണ്ടേ വേണ്ട. ജനകീയ പോലീസ് ..... (ബഹളം) ..... (ബഹളം) ..... നിയമം നാട്ടിൽ നടപ്പിലാക്കാൻ കേരളനാട്ടിൽ പോലീസില്ല. ..... (ബഹളം) ..... കുട്ടി സഖാവിനു നാടു ഭരിക്കാൻ ജനകീയത്തിൽ പേരു പറഞ്ഞ് പോലീസ് രാജ് നടപ്പിലാക്കാൻ വ്യാമോഹം. ആ വ്യാമോഹം കേരള നാട്ടിൽ നടക്കുകയില്ല ..... കേരള നാട്ടിൽ നടക്കുകയില്ല ..... പോക്കറ്റടിയും അഴിമതിയും അതാണ് നിങ്ങളുടെ പോലീസ് ..... (ബഹളം) ..... ലോക്കപ്പ് മർദ്ദനം ലോക്കപ്പ് മർദ്ദനം അതാണ് നിങ്ങളുടെ പോലീസ്. വേണ്ടേ വേണ്ട ..... (ബഹളം) ..... ജനകീയ പോലീസ് വേണ്ടേ വേണ്ട ..... വേണ്ടേ വേണ്ട ജനകീയ പോലീസ് ..... (ബഹളം) ..... കശാപ്പുകാരുടെ കൈകൾക്ക് വളയണിയിച്ചു കൊടുക്കുന്നവരേ, വളയണിയിച്ചു കൊടുക്കുന്നവരേ ..... ജനകീയ പോലീസ് വേണ്ടേ വേണ്ട ..... (ബഹളം) ..... നിയമം നാട്ടിൽ നടപ്പാക്കാൻ കേരള നാട്ടിൽ പോലീസ് ഇല്ല ..... നിയമം നാട്ടിൽ നടപ്പാക്കാൻ കേരള നാട്ടിൽ പോലീസില്ലേ? ..... പറയൂ ..... പറയൂ ..... നായനാരെ ..... കേരളനാട്ടിൽ പോലീസില്ലേ? ..... ജനകീയ പോലീസ് വേണ്ടേ വേണ്ട ..... (ബഹളം) ..... കുട്ടി സഖാവിന് നാടു ഭരിക്കാൻ ജനകീയത്തിൻ പേര് പറഞ്ഞ് പോലീസ് രാജ് നടപ്പാക്കാൻ ..... (ബഹളം) ..... ജനകീയ പോലീസ് വേണ്ടേ വേണ്ട ..... മാർക്സിസ്റ്റ് പോലീസ് വേണ്ടേ വേണ്ട ..... (ബഹളം) .....

(സഭാനടപടികൾ നടത്തിക്കൊണ്ടു പോകാൻ തടസ്സം നേരിട്ടതിനെത്തുടർന്ന് 10.03 ന് സ്പീക്കർ സഭാനടപടികൾ അല്പസമയത്തേക്ക് നിർത്തിവച്ചു.)

(11.20 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാനടപടികൾ പുനരാരംഭിച്ചു.)

മി. സ്പീക്കർ : ശാന്തമായ ഒരു അന്തരീക്ഷത്തിൽ സഭാനടപടികൾ തുടരുന്നതിനുവേണ്ടിയാണ് അല്പസമയത്തേക്ക് സഭാനടപടികൾ നിറുത്തിവച്ചത്. ഒരു നല്ല അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി കുറച്ച് കൂടുതൽ സമയമെടുത്തു. അത് ഒരു അപരാധമായി ചെയർ കാണുന്നില്ല.

[11.20 A.M] പെട്ടെന്നുണ്ടായ ഒരു സ്ഥിതിയിൽനിന്നും മാറ്റമുണ്ടാക്കാൻവേണ്ടി കക്ഷിനേതാക്കന്മാരുമായി ആത്മാർത്ഥമായ ഒരു ചർച്ച, ഒരു കൂടിയാലോചന ഇതിനിടയ്ക്ക് നടത്തുകയുണ്ടായി. ഇവിടെ ഉണ്ടായ വാദപ്രതിവാദങ്ങളിലേയ്ക്കൊന്നും കടക്കാൻ ചെയർ ആഗ്രഹിക്കുന്നി

LIBRARY ARCHIVES Kerala Legislative Assembly

ല്ല. ഒന്നുരണ്ട് വിഷയങ്ങളിലുള്ള തർക്കങ്ങളാണ് പ്രശ്നം സൃഷ്ടിച്ചത്. ആ വിഷയങ്ങളിലൊന്ന്, ഇപ്പോൾ നടക്കുന്ന ട്രെയിനിംഗിനെ സംബന്ധിച്ച് മറ്റൊരു റിപ്പോർട്ട് കിട്ടിയില്ലെന്നുള്ളത് സംബന്ധിച്ചാണ്. ട്രെയിനിംഗിനെ സംബന്ധിച്ചുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കാരിന്റെ നിലപാട് വിശദീകരിച്ചു. അതുതന്നെയാണ് ഇപ്പോഴും അദ്ദേഹത്തിന് ആവർത്തിക്കാനുള്ളത്. അങ്ങനെയൊരു ട്രെയിനിംഗ് അല്ല നടക്കുന്നതെന്നുള്ള നിലപാടാണ് അദ്ദേഹത്തിന്റേത്. അതിന്റെ അടിസ്ഥാനത്തിൽ പരസ്പരം ആശയവിനിമയത്തിലൂടെ കാര്യങ്ങൾ ബോദ്ധ്യപ്പെട്ട് ഒരു നല്ല അന്തരീക്ഷത്തിൽ സഭാനടപടികൾ തുടർന്നുപോകണമെന്നാണ് ചെയറിന്റെ ആഗ്രഹം. അതിനുവേണ്ടിയാണ് ഇത്രയും പരിശ്രമിച്ചത്. അല്ലെങ്കിൽ നമുക്ക് അഞ്ച് പത്ത് മിനിട്ടുകൊണ്ട് പുതിയ കാര്യങ്ങളിലേക്ക് കടക്കാൻ കഴിയുമായിരുന്നു. ശാന്തമായ ഒരു അന്തരീക്ഷത്തിൽ സഭാനടപടികൾ തുടർന്നുപോകണമെന്ന അഭിപ്രായമാണ് ചെയറിന് അതുസംബന്ധിച്ച് പ്രകടിപ്പിക്കാനുള്ളത്. ഗവണ്മെന്റിന്റെ നിലപാട് വ്യക്തമാക്കിക്കഴിഞ്ഞു. ഗവണ്മെന്റ് ആ നിലപാടിൽത്തന്നെ ഉറച്ച് നിൽക്കുന്നു. അതിൽ മാറ്റമില്ല.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, സഭാനടപടികൾ ഈ നിലയിൽ വന്നതിന്റെ സാഹചര്യം ഞാൻ ആവർത്തിക്കുന്നില്ല. അതിന്റെ ആവശ്യമില്ല. ബഹുമാനപ്പെട്ട ടി.എം. ജേക്കബ് അടിയന്തിര സ്വഭാവമുള്ള ഒരു വിഷയം ഇവിടെ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. ഇവിടെ ചോദ്യോത്തര സമയത്ത്, ഈ സഭയുടെ തുടക്ക ദിവസം കേരളത്തിലെ മുഖ്യമന്ത്രിയും സഭാനേതാവുമായ ശ്രീ. ഇ.കെ. നായനാർ അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഈ സഭയ്ക്ക് നൽകിയ ഉറപ്പിന് കടകവിരുദ്ധമായി കേരളാ പീപ്പിൾസ് പോലീസ് സ്കീമിന്റെ ഉത്ഘാടനം ഇന്ന് നടത്തി. അവരുടെ ട്രെയിനിംഗ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിന് ആധാരമായി ഗവണ്മെന്റ് ഇറക്കിയ ഒരു പത്രക്കുറിപ്പ് അദ്ദേഹം പറഞ്ഞു. ഇവിടെ മുഖ്യമന്ത്രി പറഞ്ഞ നിലപാട് ശരിയാണെങ്കിൽ, ബഹുമാനപ്പെട്ട ജേക്കബ് ഉന്നയിച്ച ഗുരുതരമായ കാര്യം ശരിയല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത് നിഷേധിക്കാമായിരുന്നു. പത്രക്കുറിപ്പ് നിഷേധിക്കാമായിരുന്നു. ആ പത്രക്കുറിപ്പ് നിഷേധിക്കാത്ത സാഹചര്യത്തിൽ ഈ സഭ മനസ്സിലാക്കേണ്ടതെന്താണ്? ഇന്ന് ആരംഭിച്ച ട്രെയിനിംഗ് ജനകീയ പോലീസിന്റെ ട്രെയിനിംഗ് തന്നെയാണെന്നുള്ളതാണ്. അതുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട ജേക്കബ് ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന് ആധാരമായ പ്രധാനപ്പെട്ട കാര്യം. ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുന്നു. ആ സാഹചര്യത്തിൽ ..... അങ്ങ് സഭയുടെ നാഥനല്ലേ? ഞാൻ ഈ സഭയെ നോക്കുകുത്തിയാക്കുന്നുവെന്നോ, അല്ലെങ്കിൽ അങ്ങയെ നോക്കുകുത്തിയാക്കുന്നുവെന്നോ പറയുന്നില്ല. ഈ സഭയിലെ പ്രതിപക്ഷനേതാവിന് ഈ സ്കീമിനെക്കുറിച്ചുള്ള വിവരങ്ങൾ കൊടുത്തിട്ടുണ്ടോ? കേരളത്തിലെ ഏതെങ്കിലും എം.എൽ.എ. ക്ക് കൊടുത്തിട്ടുണ്ടോ? പാർട്ടി നേതാക്കൻമാരുമായി ചർച്ച ചെയ്തിട്ടുണ്ടോ? ഇംഗ്ലീഷ് പ്രിന്റിംഗ്, ഹിന്ദി പ്രിന്റിംഗ് എന്നു പറഞ്ഞു. ഏത് ഭാഷയോ ആകട്ടെ അതിന്റെ കോപ്പി കൊടുത്തിട്ടുണ്ടോ? ഇല്ല. അതൊന്നുമില്ലാത്ത സാഹചര്യത്തിൽ ഇതിന്റെ ട്രെയിനിംഗ് അതിവ ഗുരുതരമായ, ദൂരവ്യാപകമായ ദുരന്തങ്ങളുണ്ടാക്കുന്ന ഒരു വിഷയമായതുകൊണ്ടാണ് ബഹുമാനപ്പെട്ട ജേക്കബ് നിയമസഭയിൽ അടിയന്തിര പ്രമേയമായി അത് അവതരിപ്പിച്ചത്. കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ ഈ സഭയ്ക്കോ ജനങ്ങൾക്കോ കൺവിൻസിംഗ് അല്ല. അദ്ദേഹം സത്യവിരുദ്ധമായിട്ടാണ് സംസാരിച്ചത്. വളരെ ഗുരുതരമായി അടിയന്തിരപ്രമേയം അവതരി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ച ശ്രീ. ജേക്കബ് ഈ സഭയിൽ പറഞ്ഞ കാര്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. അങ്ങ് കല്ലിന് കാറ്റടിച്ചതുപോലെ ഇരുന്നാൽ മതിയോ? സഭയിൽ വരുന്ന കാര്യങ്ങൾക്ക് മറുപടി പറയണം. അങ്ങ് മറുപടി പറഞ്ഞില്ല. കേരളത്തിലെ ആഭ്യന്തര വകുപ്പിന്റെ ചുമതല അങ്ങേയ്ക്കാണ്. ആ ഒരു പ്രത്യേക സാഹചര്യത്തിലാണ് പ്രതിപക്ഷം ഒരു നിലപാട് എടുത്തത്. ആ നിലപാടിൽ നിന്നും ഞങ്ങൾ പുറകോട്ടുപോയി, ഇവിടെ ഒന്നും സംഭവിച്ചില്ല. ഞങ്ങൾക്ക് അത് സ്വീകാര്യവുമല്ല.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) : സർ, ഞാൻ അസംബ്ലിയിൽ പറഞ്ഞതാണ് കറക്ട്. ഞാൻ രാവിലെയുള്ള പത്രത്തിൽ അത് വായിച്ചിട്ടുമില്ല. ഞാൻ പത്രത്തിൽ കണ്ടില്ല. അസംബ്ളിയിൽ പറഞ്ഞത് കറക്ടാണ്. അതിൽ അഭ്യൂഹമായിട്ടുള്ളത് ഞാൻ നിഷേധിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ വലിയ ഒരു തെറ്റിദ്ധാരണയുള്ളതായി കാണുന്നു. അതുകൊണ്ട് അത് ക്ളിയറാക്കാൻവേണ്ടി പറയുകയാണ്. ഇവിടെ ഇപ്പോൾ നടക്കുന്നുവെന്ന് പറയുന്നത് കമ്മ്യൂണിറ്റി പോലീസിംഗ് സ്കീമിനെ സംബന്ധിച്ചുള്ള ഒരു ട്രെയിനിംഗാണ്. അത് ഞാൻ ഇൻഡ്യാ ലെവലിൽ Leadership and Communication in Community Policing എന്ന് പറയുന്ന ഒരു വിഷയത്തെ സംബന്ധിച്ച് ഡൽഹിയിൽ ഡി.ജി.പി. മാരുടെ സമ്മേളനത്തിൽ എടുത്ത തീരുമാനമാണ്. അതനുസരിച്ചുള്ള ട്രെയിനിംഗാണ് ഇപ്പോൾ നടക്കുന്നത്. നേരെമറിച്ച് കേരളാ പീപ്പിൾസ് പോലീസ് സ്കീം അനുസരിച്ചുള്ള ട്രെയിനിംഗ് അല്ല നടക്കുന്നത്. എല്ലാവരുമായി ചർച്ച ചെയ്തിട്ടല്ലാതെ ആ സ്കീം നടപ്പിലാക്കുന്ന പ്രശ്നമില്ല, അംഗീകരിക്കുന്ന പ്രശ്നമില്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. എല്ലാവരുമായി ചർച്ച ചെയ്യും. ചർച്ച ചെയ്യുമെന്ന് മുഖ്യമന്ത്രി ആയിരം പ്രാവശ്യം പറഞ്ഞു. ഈ രണ്ട് ട്രെയിനിംഗും ഒന്നല്ല. അത് confuse ചെയ്യരുത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഓരോ പോലീസ് സ്റ്റേഷനിൽ നിന്നും മൂന്ന് അനൗദ്യോഗികാംഗങ്ങളെ ഇങ്ങോട്ട് അയച്ചുവെന്ന് പറഞ്ഞല്ലോ.

ശ്രീ. ടി. ശിവദാസമേനോൻ : സർ, അത് എവിടെ നിന്നെങ്കിലും കിട്ടിയ വിവരമല്ലേ? മുഖ്യമന്ത്രി പറഞ്ഞോ? കേരളാ പീപ്പിൾസ് പോലീസ് സ്കീം സംബന്ധിച്ച് എല്ലാവരുമായി ചർച്ച ചെയ്തിട്ടല്ലാതെ ഗവണ്മെന്റ് അഡോപ്റ്റു ചെയ്യുന്ന പ്രശ്നമേയില്ലെന്ന് മുഖ്യമന്ത്രി വളരെ ക്ലിയറായി അസംബ്ളിയിൽ ആവർത്തിച്ച് പറഞ്ഞതാണ്. Leadership and Communication in Community Policing എന്ന വിഷയം സംബന്ധിച്ച് ഡൽഹിയിൽവച്ച് ചേർന്ന ഡി.ജി.പി. മാരുടെ സമ്മേളനത്തിൽ എടുത്ത തീരുമാനം അനുസരിച്ചുള്ള ട്രെയിനിംഗാണ്. ജനകീയ പോലീസ് സ്കീം അല്ല. മറ്റൊരു വിഷയത്തെ സംബന്ധിച്ച് That is a daily part of administration. അതിലൊന്നുമല്ല, അതുകൊണ്ട് പത്രത്തിൽ വന്നതല്ല കാര്യം. ഗവണ്മെന്റിനുവേണ്ടി സത്യമാണ് ഞാൻ പറയുന്നത്. I am just honestly telling. ഇപ്പോൾ ഇവിടെ നടക്കുന്ന ട്രെയിനിംഗ് ജനകീയ പോലീസ് ട്രെയിനിംഗ് അല്ല. അത് കമ്മ്യൂണിറ്റി ..... ആ തെറ്റിദ്ധാരണ ദയവ്ചെയ്ത് പ്രതിപക്ഷം മനസ്സിലാക്കണമെന്ന ഒരു അപേക്ഷയാണ് ഗവണ്മെന്റിനുള്ളത്. കേരളാ പീപ്പിൾസ് പോലീസ് സ്കീമിനെപ്പറ്റിയാണ് അവിടെ ട്രെയിനിംഗ് നടക്കുന്നതെന്നു പറഞ്ഞാൽ ആ പത്രക്കുറിപ്പ് ശക്തിയായി ഗവണ്മെന്റിനുവേണ്ടി ഞാൻ നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അങ്ങനെ ഒരു സ്കീമായിട്ടില്ലയെന്നാണ്. ഇന്ന് രാവിലെ 301-ാം നമ്പർ ചോദ്യത്തിനുത്തര മായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത് പോലീസിന്റെ പ്രവർത്ത നങ്ങളിൽ പൊതുജനസഹകരണവും സൗഹൃദവും ഉറപ്പാക്കിക്കൊണ്ട് പോലീസ് പ്രവർത്തനങ്ങളെ സമ്പൂർണ്ണ കർമ്മമേഖലയാക്കി മാറ്റി ത്തീർക്കാൻവേണ്ടി കേരള പീപ്പിൾസ് പോലീസ് സ്കീമിന്റെ കരട് തയ്യാറാക്കി പൊതുപ്രവർത്തകരുടെയും നിയമവിരുദ്ധരുടെയും അഭിപ്രായം ആരായാൻ വേണ്ടി പൊതുചർച്ചയ്ക്ക് സമർപ്പിച്ചിരിക്കുകയാണ് എന്നാണ്. പൊതുപ്രവർ ത്തകരുടെയിടയിൽ നിയമവിരുദ്ധരുടെയിടയിൽ സമർപ്പിച്ചിരിക്കുന്ന ഒരു സ്കീം, കേരള നിയമസഭയിലെ അംഗങ്ങളെ കോൺഫിഡൻസിൽ എടു ക്കാതെ അംഗങ്ങൾക്ക് അതിന്റെ കോപ്പി നൽകാതെ പുറത്ത് നൽകിയത് ശരി യാണോ? കഴിഞ്ഞ 23-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭാംഗ ങ്ങളുമായി ചർച്ച ചെയ്യാമെന്ന് പറഞ്ഞതിനു വിരുദ്ധമായി ..... (ബഹളം) ഞങ്ങൾക്ക് കോപ്പി തരേണ്ടതായിരുന്നു. നിയമവിദഗ്ദ്ധർക്കും പൊതുപ്ര വർത്തകർക്കും കോപ്പി വിതരണം ചെയ്തത് തെറ്റാണ്. ഇന്നത്തെ പത്രത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇന്നത്തെ പത്ര റിപ്പോർട്ട് വായിക്കാം. ''സം സ്ഥാനത്ത് ജനകീയ പോലീസ് സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി ഉ ദ്യോഗസ്ഥൻമാർക്കുള്ള പരിശീലനം മാർച്ച് 6-ന് വേളി യൂത്ത് ഹോസ്റ്റലിൽ ഡി.ജി.പി. ഉദ്ഘാടനം ചെയ്യും'' എന്നാണ്. സർക്കാരിന്റെ പത്രക്കുറിപ്പാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ ആ വാർത്ത നിഷേധിക്കുന്നു.

ശ്രീ. കെ.എം. മാണി : ബഹുമാനപ്പെട്ട ടി.എം. ജേക്കബ് നൽകിയ അടിയന്തിര പ്രമേയത്തിലെ വിശദാംശക്കുറിപ്പിൽ ഒരു കാര്യമാണ് ഉന്നയിച്ചിട്ടു ള്ളത്. ഒന്ന്, രാഷ്ട്രീയ നേതാക്കളും ജനപ്രതിനിധികളുമായി ചർച്ച ചെയ്ത തിനുശേഷം മാത്രമേ ജനകീയ പോലീസ് സംവിധാനം നടപ്പിലാക്കുകയുള്ളു വെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്കുറപ്പ് നൽകിയിരുന്നു. അതിന് കടകവിരുദ്ധമായി ഇന്ന് ജനകീയ പോലീസിംഗ് സ്കീമിന്റെ ട്രെയിനിംഗ് ആരംഭിച്ചിരിക്കുകയാണ്. അടിയന്തിര പ്രമേയ ചർച്ചയ്ക്കുള്ള നോട്ടീസിൽ ഇന്ന് ആരംഭിച്ചിരിക്കുന്ന ട്രെയിനിംഗിനെപ്പറ്റിയാണ് ചോദിച്ചിരിക്കുന്നത്. അതിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാതൊരു മറുപടിയും പറഞ്ഞിട്ടില്ല യെന്നു മാത്രമല്ല ഇന്ന് വേളി യൂത്ത് ഹോസ്റ്റലിൽ നടക്കുന്ന ട്രെയിനിംഗ് ഡി. ജി.പി. ഉൽഘാടനം ചെയ്തുകൊണ്ട് പ്രസംഗിച്ചത് പീപ്പിൾസ് പോലീസ് സ്കീമിന്റെ ഭാഗമായി നടക്കുന്ന ട്രെയിനിംഗ് ഞാൻ ഉദ്ഘാടനം ചെയ്യുന്നു എന്നാണ്. ടി.വി. അത് റിക്കാർഡ് ചെയ്തിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) അങ്ങനെ ആര് പ്രസംഗിച്ചാലും അത് ഗവണ്മെന്റിന്റെ നയമല്ല. ഞാൻ നിഷേധിക്കുന്നു.

ശ്രീ. കെ.എം. മാണി : പീപ്പിൾസ് പോലീസ് ട്രെയിനിംഗിന്റെ ഭാഗമായി ട്ടുള്ള ട്രെയിനിംഗ് ഞാൻ ഉദ്ഘാടനം ചെയ്യുന്നുവെന്നാണ് ഡി.ജി.പി. പ്രസംഗി ച്ചിരിക്കുന്നത്. മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും പരസ്പരവിരുദ്ധ മായി സംസാരിക്കുകയാണ്. ഡി.ജി.പി. യും പരസ്പരവിരുദ്ധമായിട്ട് സംസാരി ക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഇവിടെ ഇവർ ഉന്നയിച്ചിരിക്കുന്ന അടി യന്തിര പ്രശ്നം പോലീസ് ഇപ്പോൾ നടത്തുന്ന ട്രെയിനിംഗ് ജനകീയ പോലീ സുമായിട്ട് ബന്ധപ്പെട്ടതാണ് എന്നാണ്. അതിൽനിന്നും വ്യത്യസ്തമായിട്ടാണ്

ശ്രീ. മാണി ഇവിടെ പ്രശ്നം അവതരിപ്പിച്ചിരിക്കുന്നത്. വളരെ ക്ലിയറായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു, ഡി.ജി.പി. മാരുടെ സമ്മേളനത്തിൽ തയ്യാറാക്കിയ കമ്മ്യൂണിറ്റി പോലീസിനെ സംബന്ധിച്ചുള്ള രേഖയെക്കുറിച്ചാണ് ഇന്ന് മുതൽ 6 ദിവസം പോലീസ് ആഫീസർമാർക്ക് തിരുവനന്തപുരത്ത് ക്ലാസ് സംഘടിപ്പിച്ചിട്ടുള്ളത്. കേരള പീപ്പിൾസ് പോലീസ് സ്കീം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഇത് പീപ്പിൾസ് പോലീസ് ട്രെയിനിംഗ് അല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. 'കാള പെറ്റെന്ന് കേൾക്കുമ്പോൾ കയർ എടുക്കുന്ന' സമീപനമാണ് പ്രതിപക്ഷാംഗങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അതിൽ നിന്നും വ്യത്യസ്തമായ നിലപാടാണ് ഇപ്പോൾ ശ്രീ. മാണി എടുത്തിരിക്കുന്നത്. മുഖ്യമന്ത്രി വളരെ ക്ലിയറായിട്ട് പറഞ്ഞു, ഇത് കമ്മ്യൂണിറ്റി പോലീസ് ട്രെയിനിംഗ് ആണ്. ജനകീയ പോലീസുമായി ഇതിന് ബന്ധമില്ല എന്ന്. രണ്ട് മണിക്കൂർ സമയം ഈ സഭയുടെ ബിസിനസ്സ് തടസ്സപ്പെടുത്തിയത് പ്രതിപക്ഷമാണ്. അതിന് നിങ്ങൾ സമാധാനം പറയേണ്ടതാണ്. യാതൊരു കാരണവുമില്ലാതെയാണ് ഈ സഭയുടെ ബിസിനസ്സ് രണ്ട് മണിക്കൂർ സമയം നിർത്തിവയ്ക്കാൻ നിങ്ങൾ പ്രേരിപ്പിച്ചത്. അതിന് നിങ്ങൾ സമാധാനം പറയേണ്ടതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇത് ഞാൻ വളരെ ക്ളിയറായിട്ട് പറയാം. തെറ്റിദ്ധാരണ തീരണമല്ലോ. ട്രെയിനിംഗ് ഉൽഘാടനം ചെയ്തുകൊണ്ട് ഡി.ജി.പി. നടത്തിയ പ്രസംഗത്തിൽ പീപ്പിൾസ് പോലീസ് സ്കീം എന്നൊരു വാക്കുപോലും പറഞ്ഞിട്ടുണ്ടാകുകയില്ല, പറഞ്ഞിട്ടില്ല. അതുകൊണ്ട് ഞാൻ പത്രക്കുറിപ്പ് വായിക്കാം. Kerala Police is organising a Special Training Programme in "Leadership and Communication in Community Policing" at the initiation of Shri. B.S.Sastry, IPS, Director General of Police, Kerala at Government Youth Hostel, Veli from 6.3.2000 to 11.3.2000. This is the first time a training of such nature is being organised. Shri. B.S.Sastry IPS, Inaugurates the Training Programme on 6.3.2000 at 9.30 A.M. ഇത് പീപ്പിൾസ് പോലീസ് ട്രെയിനിംഗ് അല്ല. അതല്ല ഉദ്ഘാടനം ചെയ്തത്. വളരെ ക്ലിയറാണ്. You can see. ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാം. ഞാൻ ഒന്നും വിഴിങ്ങിയിട്ടില്ല.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : ഞാൻ ഒരൊറ്റ കാര്യമേ ചോദിക്കുന്നുള്ളൂ. ഞാൻ ഈ നിയമസഭയിലെ ഇന്നത്തെ ചോദ്യോത്തരവേളയിലെ ആദ്യത്തെ ചോദ്യകർത്താവായിരുന്നു. ഞാൻ ചോദ്യം ചോദിച്ച സമയത്ത് മുഖ്യമന്ത്രി പറഞ്ഞു, വിവിധ തലത്തിൽ ഇതു സംബന്ധിച്ച് ചർച്ച നടത്തുകയാണെന്ന്. ഇത്രയും ചർച്ച നടത്തിയിട്ട് എം.എൽ.എ. മാരായ ഞങ്ങൾക്ക് വിവരം തരാത്തത് എന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് വിവരം നൽകാമെന്നാണ്. പൊതുപ്രവർത്തകർക്ക് വിതരണം ചെയ്തുവെന്നാണ് ചോദ്യത്തിന് മറുപടി നൽകിയിരിക്കുന്നത്. കേരളത്തിലെ നിയമസഭാംഗങ്ങളായിട്ടുള്ള ഞങ്ങൾ ഈ പൊതുപ്രവർത്തകരുടെ പട്ടികയിൽ വിവരം പോലും അറിയാൻ അർഹതയില്ലാത്തവരാണോ? രണ്ടാമത്തെ ഒരു കാര്യം ധനകാര്യവകുപ്പുമന്ത്രി ഇവിടെ അത് നിഷേധിച്ചു. അദ്ദേഹം നിഷേധിച്ചത് എന്തിനാണെന്നാണ് ഞാൻ ചോദിക്കുന്നത്. ഒന്ന്. നിങ്ങൾ ഇറക്കിയ ഉത്തരവ് എന്നുപറഞ്ഞ് പത്രങ്ങൾ കള്ളമെഴുതിയെന്നാണോ? അത് മന്ത്രി പറയണം. എന്തിനാണ് നിങ്ങൾ ഇത് നിഷേധിച്ചത്? നിങ്ങളുടെ പത്രക്കുറിപ്പാണ് പത്രങ്ങളിൽ വന്നത്. പത്രങ്ങൾ ബോധപൂർവം നിങ്ങൾക്കെതിരായിട്ട് കളവ് എഴുതി

LIBRARY ARCHIVES Kerala Legislative Assembly

യെന്നാണോ നിങ്ങൾ പറയുന്നത്? നിങ്ങൾ എന്തിനെയാണ് നിഷേധിക്കുന്നത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ജനകീയ പോലീസിന്റെ ട്രെയിനിംഗ് ആണെന്ന് വല്ല പത്രവും എഴുതിയിട്ടുണ്ടെങ്കിൽ അത് തെറ്റാണ്, യാതൊരു സംശയവും വേണ്ട.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒരു കാര്യമെഴുതി ആൻസറായി മുഖ്യമന്ത്രി ഇവിടെ തന്നു. ആ ആൻസറിൽ വളരെ ക്ളിയറായിട്ട് ഇതിന്റെ സ്കീം ആയിയെന്നും അതിന്റെ കോപ്പി കൊടുത്തുവെന്നും പറഞ്ഞു. സ്കീം ആയിട്ടില്ലെന്ന് ധനകാര്യവകുപ്പു മന്ത്രി. മുഖ്യമന്ത്രി ഒരു കാര്യം പറയുകയും എഴുതിത്തരുകയും ചെയ്തതിനെ നിഷേധിക്കാൻ ധനകാര്യവകുപ്പു മന്ത്രിക്ക് അധികാരമുണ്ടോ? രണ്ടാമത്തെ കാര്യം ഇന്നിവിടെ ഉൽഘാടനം ചെയ്തുകൊണ്ട് ഡി.ജി.പി. ശ്രീ. ശാസ്ത്രി പ്രസംഗിച്ചു, This is the part and parcel of the Peoples' Police Scheme എന്ന്. പീപ്പിൾസ് പോലീസ് സ്കീമിന്റെ ഭാഗമാണെന്ന് ശാസ്ത്രി പ്രസംഗിച്ചിട്ട് അദ്ദേഹം അങ്ങനെ പ്രസംഗിച്ചിട്ടില്ലായെന്ന് ധനകാര്യവകുപ്പുമന്ത്രി സഭയിൽ പറയുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : ഇത് എല്ലാവരും കേട്ടു. മുഖ്യമന്ത്രി തന്നെ പറഞ്ഞു, ധനകാര്യവകുപ്പുമന്ത്രി ആവർത്തിച്ചു പറഞ്ഞു. ക്രമപ്രശ്നങ്ങൾ എല്ലാം ചെയർ കേട്ടു. ഇന്ന് നടന്നത് എന്താണെന്ന് സഭയ്ക്കറിയില്ല. പറഞ്ഞുവെന്നും പറഞ്ഞില്ലായെന്നുമുള്ളത് വേറെ വിഷയം. അത് പിന്നെ പരിശോധിക്കേണ്ട കാര്യമാണ്. ഏതായാലും ഈ ഡിസ്ക്കഷൻ ക്ലോസ് ചെയ്യുകയാണ്. സഭ പ്രൊസീഡ് ചെയ്യാൻ ചെയർ ആഗ്രഹിക്കുന്നു. സഭാനടപടികളിലേയ്ക്ക് കടക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, സാധാരണഗതിയിൽ ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചു കഴിഞ്ഞതിനുശേഷം പ്രതിപക്ഷം സഭയിൽ നിന്ന് വാക്കൗട്ട് നടത്തുകയാണെങ്കിൽ സഭയിൽനിന്നുമുള്ള വാക്കൗട്ടിനുമുൻപ് ചില പ്രൊസീഡിംഗ്സ് ഉണ്ട്. അതാണ് ഇപ്പോൾ നടക്കുന്നത്. അതുകൊണ്ട് അക്ഷമരായിട്ട് കാര്യമില്ല. നിയമസഭയുടെ സാങ്റ്റിറ്റിയും പ്രധാനമായി അങ്ങയുടെ സംരക്ഷണത്തിൻകീഴിലാണ്. ഈ സഭയിൽ പറയുന്ന വാക്കുകൾ, അത് മുഖ്യമന്ത്രി പറയുന്നതാണെങ്കിലും മറ്റംഗങ്ങൾ പറയുന്നതാണെങ്കിലും അത് രേഖയിൽ ഉണ്ടാകും. ശ്രീ. ടി.എം. ജേക്കബ് പറഞ്ഞ കാര്യങ്ങളിലേയ്ക്ക്, ഞാൻ ഒരു ആവർത്തന വിരസതയിലേയ്ക്കൊന്നും പോകുന്നില്ല. ഈ നിയമസഭയിൽ കേരളത്തിന്റെ മുഖ്യമന്ത്രിയും സഭാനേതാവുമായ ശ്രീ. ഇ.കെ. നായനാർ കഴിഞ്ഞ ആഴ്ച പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും അദ്ദേഹം തന്നെ ഇവിടെ ധിക്കരിച്ചിരിക്കുന്നു. അദ്ദേഹം ഈ സഭയെ കബളിപ്പിച്ചിരിക്കുന്നു. അദ്ദേഹം ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. സഭയേയും സഭയുടെ അന്തസ്സിനേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു സ്റ്റേറ്റ്മെന്റിലൂടെയും ചില ആക്ഷേപങ്ങളിലൂടെയും തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. നിയമസഭ എന്നുപറഞ്ഞാൽ എന്താണ്? പാർട്ടി ഓഫീസ് ആണോ? നിയമസഭ സമ്മേളനം പാർട്ടി ഫോറം ആണോ? പാർട്ടി മീറ്റിംഗിൽ നമ്മൾ ഇഷ്ടാനുസരണം പറയുന്നതുപോലെ നിയമസഭയിൽ പറയാൻ പാടുണ്ടോ? കേരളത്തിലെ മുഖ്യമന്ത്രി അതാണ് ചെയ്തത്. കേരളാ പീപ്പിൾസ് പോലീസ് സ്കീം എന്നു പറയുന്നത് പോലീസിനെ കാര്യക്ഷമമാക്കാൻവേണ്ടിയാണ് എന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ വെൽ ഓർഗനൈസ്ഡായ പോലീസ് സേനയെ കാര്യക്ഷമമാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ പോലീസിനെ ജനകീയവൽക്കരിച്ചാൽ മാത്രമേ സാധ്യമാകൂ എന്ന് വിശ്വസിക്കണമോ? കേരളത്തിലെ പോലീസിനെ കാര്യക്ഷമമാക്കാൻ കേരളത്തിലെ ഗവണ്മെന്റിന്റെ മുൻപിൽ മറ്റൊരു സംവിധാനവുമില്ലേ? കാര്യക്ഷമമായി പോലീസ് പ്രവർത്തിക്കണമെങ്കിൽ മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരുടെ ഒരു ബഹുജന അടിത്തറ അതിൽ വേണമോ? എന്താണ് അങ്ങ് ഇവിടെ പറഞ്ഞത്? ഈ നിയമസഭയിൽ ഞങ്ങൾക്ക് പറയാനുള്ളത് പറഞ്ഞിട്ട് സഭവിട്ട് ഇറങ്ങുമ്പോൾ, ബഹുമാനപ്പെട്ട എം.വി. ജയരാജനെപോലുള്ള നേതാക്കന്മാർ പറഞ്ഞത് എന്താണ്? പെട്ടെന്ന് ഓടിച്ചെന്ന് റ്റി.വി. യിൽ മുഖം കാണിക്കാൻ. ഈ നിലവാരം കുറഞ്ഞ വാക്ക് പറഞ്ഞതിൽ ഞങ്ങൾ ഖേദിക്കുന്നു മി. ജയരാജൻ. ..... ഒരിക്കൽ അങ്ങ് പറഞ്ഞല്ലോ ..... (ബഹളം) ..... നിയമസഭയിൽ പറയാനുള്ളത് ഞാൻ പറയും. ഉടനെ ഓരോരുത്തരും ചാടി എഴുന്നേൽക്കുമോ? എനിക്ക് പറയാനുള്ളത് ഞാൻ പറയും. ഞാൻ പറയട്ടെ, ഇലക്ട്രോണിക് മീഡിയയിൽ ഇത്രത്തോളം നിങ്ങൾക്ക് അഭിപ്രായവ്യത്യാസം ഉള്ളതുകൊണ്ടാണോ സ്വന്തം പാർട്ടി ഒരു ചാനൽ തുടങ്ങുന്നത്? നിയമസഭയിൽ വാക്കൗട്ട് നടത്തി പ്രതിപക്ഷം പോകുമ്പോൾ ..... മറ്റ് ആളുകൾ പറയട്ടെ. ഇലക്ട്രോണിക് മീഡിയയിൽ മുഖം കാണിക്കാൻ ചാടി പുറപ്പെടുന്നു എന്നു പറഞ്ഞ് കളിയാക്കരുത്. ജനകീയ പ്രശ്നങ്ങളാണ് ഇവിടെ പറയുന്നത്. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ കേട്ടാൽ മതി. നിങ്ങൾ എന്തിനാണ് അസഹിഷ്ണുത കാണിക്കുന്നത്? ജനകീയ പോലീസ് ഭരണഘടനാവിരുദ്ധമാണ്. നമ്മുടെ അഡ്മിനിസ്ട്രേറ്റീവ് സെറ്റപ്പിന്റെ കൺസെപ്റ്റിനുതന്നെ കേരളാ പീപ്പിൾസ് പോലീസ് എന്നത് എതിരാണ്. പോലീസ് സ്റ്റേറ്റിന്റെ കാര്യമല്ലേ? പോലീസ് പാർട്ടിയുടെ കാര്യമാണോ? പോലീസ് മെഷിനറി എന്നത് ഒരു പാർട്ടി മെഷനറി അല്ല. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ, സോവിയറ്റ് യൂണിയനിൽ പാർട്ടി ജനറൽ സെക്രട്ടറിയാണ് ഭരണത്തലവൻ. ആ രാജ്യം ഇന്നുണ്ടോ? അതിൽ നമുക്ക് ദു:ഖമുണ്ട്. അവിടെ പാർട്ടി ജനറൽ സെക്രട്ടറി ഭരണത്തലവനാകുമ്പോൾ പാർട്ടിയുടെ പ്രവർത്തകൻമാർ പോലീസുമാകും. ചൈനയിൽ ഭരണത്തലവനുണ്ട്. പാർട്ടി പ്രസിഡന്റുമുണ്ട്. ചൈനയിലെ നിയമമനുസരിച്ചാണെങ്കിൽ ഇവിടെ അതുപോലെയാണെങ്കിൽ ശ്രീ. ഇ.കെ. നായനാരെക്കാളും ശക്തൻ എന്നുപറയുന്നത് ശ്രീ. പിണറായി വിജയനാണ്. അല്ലേ? ചൈനയിലെ സ്ഥിതി ഇതാണെങ്കിൽ ശ്രീ. ഇ.കെ. നായനാരല്ല ശ്രീ. പിണറായി വിജയനാണ് ശക്തൻ. നിങ്ങൾ അതിലേക്ക് കൊണ്ടുവരുന്നു. ഞങ്ങൾ കമ്മ്യൂണിസത്തിന് എതിരല്ല. സോവിയറ്റ് യൂണിയന്റെ തകർച്ചയിൽ ഞങ്ങൾക്ക് നിങ്ങളേക്കാൾ ദു:ഖമുണ്ട്. അക്കാര്യത്തിൽ സംശയമൊന്നും വേണ്ട. അത് പറഞ്ഞിട്ടുണ്ടല്ലോ. ഇവിടെ ശ്രീ. ഇ.കെ. നായനാരാണോ ശക്തൻ, ഭരിക്കുന്ന പാർട്ടിയിലെ ശ്രീ. പിണറായി വിജയൻ ആണോ ശക്തൻ എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. കേരള പീപ്പിൾസ് പോലീസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? കേരളത്തിലെ ആളുകൾ പരാതി കൊടുക്കുന്നത് പോലീസ് സ്റ്റേഷനിലാണ്. ഒരു സാധാരണക്കാരന് ഒരു പരാതിയുണ്ടെങ്കിൽ പോലീസ് സ്റ്റേഷനിൽ കൊടുക്കും. അവിടെ നീതി കിട്ടിയില്ലെങ്കിൽ പരാതിയുണ്ടെങ്കിൽ, സർക്കിൾ ഇൻസ്പെക്ടർക്ക് കൊടുക്കും. പിന്നെ ഡിവൈ. എസ്.പി., സിറ്റി പോലീസ് കമ്മിഷണർ അല്ലെങ്കിൽ എസ്.പി. പിന്നെ ഡി.ഐ.ജി., ഐ.ജി., ഡി.ജി.പി. അങ്ങനെ പോകും. കേരളാ പീപ്പിൾസ് പോലീസ് സ്കീം വന്നുകഴിഞ്ഞാൽ പരാതി ആദ്യം ബ്രാഞ്ച് കമ്മിറ്റിയിൽ കൊടുക്കും. അങ്ങേയ്ക്ക് അറിയാമല്ലോ? രണ്ടാമത്, ഏരിയ കമ്മിറ്റിയിൽ കൊടുക്കും. പിന്നെ ജില്ലാ കമ്മിറ്റിയിൽ കൊടുക്കും. പിന്നെ എ.കെ.ജി. സെന്ററിൽ കൊടുക്കും. കേരളത്തിലെ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

കോൺസ്റ്റബിൾ മുതൽ ഡി.ജി.പി. വരെയുള്ള, പോലീസ് സേനയിലെ പോലീസിന്റെ സ്ട്രക്ച്ചറിനെ, അതിന്റെ സംവിധാനത്തെ കാറ്റിൽ പറത്തിക്കൊണ്ട് കേരളത്തിലെ നിയമസമാധാന രംഗം കൈകാര്യം ചെയ്യാൻ മാർക്സിസ്റ്റ് പാർട്ടിക്ക് സർവ്വവിധമായ സൗകര്യങ്ങളും കൊടുക്കുന്ന കേരള പീപ്പിൾസ് പോലീസ് സ്കീം രാജ്യ വിരുദ്ധമാണ്. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. 1957-ലെ സെൽ ഭരണമുണ്ടല്ലോ? എസ്.ഐ.ക്ക് ഒരു കസേര, ലോക്കൽ കമ്മിറ്റി നേതാവിന് മറ്റൊരു സ്റ്റൂൾ എന്ന ഒരു സംവിധാനത്തിലേയ്ക്ക് 57-ലെ സെൽ ഭരണത്തിലേയ്ക്ക്, പോലീസ് സംവിധാനം എത്തുകയാണ്. ഇന്നും കേരളം ഭരിക്കുന്നതും നിയന്ത്രിക്കുന്നതും പ്രാദേശിക മാർക്സിസ്റ്റ് പാർട്ടി നേതാക്കന്മാരാണ്. ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഈ സകീമിനെക്കുറിച്ച് ക്യാബിനറ്റിനറിയുമോ? ശ്രീ. കെ.ഇ. ഇസ്മയിൽ, ശ്രീ. പി.ജെ. ജോസഫ്, ശ്രീ. സി.കെ. നാണു, ശ്രീ. വി.സി. കബീർ തുടങ്ങിയ മന്ത്രിമാർക്ക് ഇതിനെക്കുറിച്ച് അറിയാമോ ഇല്ലയോ എന്നൊന്നും ഞാൻ ചോദിക്കുന്നില്ല. നിങ്ങൾക്ക് ഈ സ്കീമിന്റെ കോപ്പി കിട്ടിയോ? ശ്രീ. കെ.ഇ. ഇസ്മയിലിനു കിട്ടിയില്ല എങ്കിൽ ശ്രീ. വെളിയം ഭാർഗ്ഗവനു കിട്ടിയോ? ശ്രീ. പി.ജെ. ജോസഫ് പാർട്ടി നേതാവും പാർട്ടി പ്രസിഡന്റുമാണല്ലോ. അങ്ങേയ്ക്ക് കിട്ടിയോ? ശ്രീ. എം.പി. വീരേന്ദ്രകുമാറിനു കിട്ടിയോ? ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിക്ക് കിട്ടിയോ? ആർക്കാണ് കിട്ടിയത്? ഡോ. എ. നീലലോഹിതദാസൻ നാടാർക്കു കിട്ടിയോ? ശ്രീ. ടി.കെ. രാമകൃഷ്ണനു കിട്ടിയില്ല. അദ്ദേഹം പഴയപോലെ മെയിൻ സ്ട്രീമിലില്ല. കൂടെ ഭരിക്കുന്ന ക്യാബിനറ്റിലെ കോളീഗ്സിനുപോലും കിട്ടിയിട്ടില്ല. കേരളം ഇരുട്ടിലേയ്ക്ക് പോകുകയാണ്. കേരളം അനാഥത്വത്തിലേയ്ക്ക് പോകുകയാണ്. പാർട്ടി ഭരണത്തിന്റെ മേധാവിത്വം, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ വിശ്വസിക്കുന്നവർ മാത്രം ഈ സംസ്ഥാനത്ത് ജീവിച്ചാൽ മതി എന്നുള്ള ധിക്കാര ഭരണത്തിനുവേണ്ടിയുള്ള ഈ പോലീസിന്റെ റിക്രൂട്ട്മെന്റ് ജനകീയ അടിത്തറ തകർക്കും. കേരളത്തെ തകർക്കും. പാർട്ടി പ്രവർത്തകർ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ തകർന്നിട്ടുണ്ട്. റുമേനിയ ആകട്ടെ, ചെക്കോസ്ലോവാക്യ ആകട്ടെ, യൂഗോസ്ലോവിയ ആകട്ടെ, കേരളം കമ്മ്യൂണിസ്റ്റ് സംസ്ഥാനം മാത്രമല്ല എങ്കിൽപ്പോലും കമ്മ്യൂണിസത്തിന്റെ മേധാവിത്വം തകർക്കുന്നത് കേരള സംസ്ഥാനത്തെയായിരിക്കും. അതുകൊണ്ട് പാർട്ടിയെ വളർത്തുന്നതിനുവേണ്ടിയും പാർട്ടിയെ സമ്പന്നമാക്കുന്നതിന് വേണ്ടിയും പ്രാദേശിക നേതാക്കന്മാരെ, കൂട്ടി സഖാക്കളെ, പ്രാദേശിക രാജാക്കന്മാരാക്കുന്നതിനുവേണ്ടിയുള്ള കേരളാ പീപ്പിൾസ് പോലീസ് സ്കീമിനെക്കുറിച്ച് ഇവിടെ അടിയന്തിര പ്രമേയത്തിലൂടെ ചർച്ച ചെയ്യാൻ അനുവദിക്കാത്ത ഈ ഗവണ്മെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ജി. കാർത്തികേയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, പ്രതിപക്ഷം ഇക്കാര്യം ഇന്ന് അസംബ്ലിയിൽ ഉന്നയിച്ചതുകൊണ്ട് നിങ്ങൾ ഇട്ടിട്ടുള്ള പരിപാടി അങ്ങനെയല്ല, എന്നെങ്കിലും മാറ്റിപറയാൻ തയ്യാറായത് നന്നായി. ഇതിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്ന ഒരു സംഗതി, പ്രതിപക്ഷത്തിന്റെ പ്രശ്നം മാത്രമല്ല, ഒരു ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഒരു മുഖ്യമന്ത്രി പറയുന്ന ഒരു വാക്ക്, ആ വാക്കിന് യാതൊരു അടിസ്ഥാനവുമില്ല. പിറ്റേന്ന് അത് മാറ്റി പറയുന്ന ഒരു സ്വഭാവത്തിൽ വരികയാണെങ്കിൽ ഒരു സംസ്ഥാനത്തിന്റെ സ്ഥിതി എന്താകും?

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഒറ്റ സംഗതിയേയുള്ളൂ. നിങ്ങൾ എന്തിനാണ് ഇതിൽ ദുരൂഹത കാണിക്കുന്നത്? ജനകീയ പോലീസിനെ സംബന്ധിച്ച് ട്രെയിനിംഗിന്റെ കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും പറയാൻ ഉണ്ടെങ്കിൽ അത് വ്യക്തമായിട്ട് പറഞ്ഞു കൂടേ? ഇവിടെ സാംസ്കാരിക കരടു രേഖ ചർച്ചയ്ക്ക് വന്നിരുന്നു. വിദ്യാഭ്യാസ സമീപന രേഖ ചർച്ചയ്ക്ക് വന്നിരുന്നു. കേരളത്തിലെ പോലീസിന്റെ സമീപനത്തിൽ മൗലികമായ മാറ്റം വരുത്തുന്ന ഒരു കാര്യത്തെ സംബന്ധിച്ച് എന്തുകൊണ്ടാണ് നിങ്ങൾ ചർച്ച ചെയ്യാതെ ചർച്ച ചെയ്തു എന്ന് ഒരു ഘട്ടത്തിൽ, വിതരണം ചെയ്തു എന്ന് ഒരു ഘട്ടത്തിൽ, വിതരണം ചെയ്തില്ല എന്ന് ഒരു ഘട്ടത്തിൽ ഈ കൺഫ്യൂഷൻ ഉണ്ടാക്കുന്നത്? നിങ്ങൾക്ക് ഇതിൽ ദുരൂഹത ഉണ്ടെന്നത് ഇതിലെ ഏറ്റവും വലിയ തെളിവാണ്. നിങ്ങൾക്ക് ദുരുദ്ദേശമുണ്ട്. അതുകൊണ്ട് ഇതുസംബന്ധിച്ച് വ്യക്തമായിട്ട് പറയാൻ നിങ്ങൾ ബാധ്യസ്ഥരാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇതിന്റെ കോപ്പി തരാത്തത് എന്ന് ഞങ്ങൾ ഈ സഭയിൽ ചോദിച്ചു. നിങ്ങൾ പറഞ്ഞു കോപ്പി, തരും എന്ന്. ഇന്ന് നിങ്ങൾ മറുപടി പറഞ്ഞല്ലോ. ഇത് സംബന്ധിച്ച് ഇവിടെ ചർച്ച നടക്കുന്നുണ്ട് എന്ന്. ചർച്ച നടന്നിട്ടുപോലും അക്കാര്യം നിങ്ങൾ ജനങ്ങളെ അറിയിക്കാത്തത് എന്താണ്? ഞാൻ അതിന്റെ മറ്റ് വശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. കാരണം മുഖ്യമന്ത്രി സഭയിൽ ഒന്നു പറയുന്നു. മറ്റൊന്ന് പ്രവർത്തിക്കുന്നു. ഞാൻ ഒരു ഉദാഹരണം പറയുകയാണ്. ഇപ്പോൾ പി.എസ്.സി. നിയമനങ്ങളെപ്പറ്റി പറഞ്ഞു. പി.എസ്.സി. തെറ്റു കാണിച്ചിട്ടില്ല എന്ന് മുഖ്യമന്ത്രി സഭയിൽ പറഞ്ഞു. എന്റെ കയ്യിൽ ഇന്നത്തേയും ഇന്നലത്തേയും പത്രമുണ്ട്. പി.എസ്.സി. തന്നെ പറയുന്നു ജോസഫ് കമ്മീഷൻ റിപ്പോർട്ട് ആയിരക്കണക്കിന് ആളുകളുടെ കണക്ക് തെറ്റിച്ചു എന്ന്. അത് വേറെ വിഷയമാണ്. ഞാൻ പറയുന്നത് അതല്ല. ഞാൻ പറയുന്നത് മുഖ്യമന്ത്രി ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കരുത് എന്നാണ്. ദുരൂഹത തന്നെയാണ് ഇതിലെ ഏറ്റവും വലിയ അപകടം എന്നു പറയുന്നത്. കാര്യങ്ങൾ തുറന്ന് ചർച്ച ചെയ്താൽ അതിന്റെ വരുംവരായ്കകൾ ഇവിടെ ബോധ്യപ്പെടും. കേരളത്തിലെ ആളുകളുടെ സംശയത്തിന്റെ മാറാല നീങ്ങും. അതിന് ഒരു അവസരം പോലും തരാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി)

ശ്രീ. കെ.എം. മാണി : ഇന്നുരാവിലെ ബഹുമാനപ്പെട്ട മുഖ്യന്ത്രി ചോദ്യോത്തരസമയത്ത് നൽകിയ മറുപടി നിയമസഭയ്ക്കു നൽകിയ ഉറപ്പിന്റെ ലംഘനമാണ്. ഇവിടെ ഒരു കേസിന്റെ കമ്മിഷൻ ഓഫ് ഒഫൻസ് ഉണ്ടായാൽ ആ കേസ് എങ്ങനെ അന്വേഷിക്കണമെന്ന് ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിൽ നിന്ന് വ്യത്യസ്തമായി, legislative competence ഇല്ലാതെ പോലീസ് പ്രോഗ്രാം ഉണ്ടാക്കുന്നതുതന്നെ നിയമവിരുദ്ധമാണ്, തെറ്റാണ്. ഇവിടെ നടക്കുന്ന ട്രെയിനിംഗ്തന്നെ അതിന്റെ ഉദ്ദേശം വെളിപ്പെടുത്തുന്നുണ്ട്. ഇന്ന് നടക്കുന്നത് Introduction to communication skills ആണ്. ആരാണ് ക്ലാസെടുക്കുന്നത് എന്നറിയാമോ? ശ്രീ. മാണി പോൾ. ഇന്നത്തെ വിഷയം Emotional skills നാളെ Creating comfort and zone. അടുത്ത ദിവസം Art of smiling ക്ലാസെടുക്കുന്നത് ശ്രീ. മാണി പോൾ. അതിന്റെ പിറ്റേദിവസം ക്ലാസെടുക്കുന്നത് Behaviour skills

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാണി പോൾ. ആരാണ് ശ്രീ.മാണി പോൾ? 7-ാം തീയതി മുതൽ 11-ാം തീയതി വരെ നടക്കുന്ന പോലീസ് ട്രെയിനിംഗ് ക്ലാസെടുക്കുന്നത് ശ്രീ. മാണി പോളാണ്. ആരാണ് മാണി പോൾ? എത്ര ലജ്ജാകരമായ സ്ഥിതിവിശേഷ മണ്! ശ്രീ.മാണിപോൾ രാഷ്ട്രീയമാണോ എനിക്കറിഞ്ഞുകൂടാ. പക്ഷേ എല്ലാ ദിവസവും ക്ലാസെടുക്കുന്നത് ശ്രീ. മാണി പോൾ. ഇത്രമാത്രം പോലീസ്സേന അധഃപതിച്ചോ? കേരളം ഇത്രമാത്രം അധഃപതിച്ചോ? നാലുദിവസത്തെ പോലീസ് ട്രെയിനിംഗ്. നാല് ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ ക്ലസെടുക്കുന്നത് ശ്രീ. മാണി പോൾ. എനിക്കതിന്റെ രാഷ്ട്രീയം അറിയാൻ പാടില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളെക്കൊണ്ട് പോലീസ് ട്രെയിനിംഗ് ക്യാമ്പിൽ ക്ലാസ്സുകൾ എടുപ്പിച്ച് പോലീസിനെ രാഷ്ട്രീയവൽക്ക രിച്ച് ഇവിടെ ഒരു സമാന്തര സേനയുണ്ടാക്കി മുന്നോട്ടുപോകാനാണ് നിങ്ങ ളുടെ നീക്കമെങ്കിൽ അത് ഇവിടെ നടക്കുകയില്ല. അടുത്തുവരുന്ന പഞ്ചാ യത്തത്ത് തെരഞ്ഞെടുപ്പിലും നിയമസഭാതെരഞ്ഞെടുപ്പിലും വ്യാപകമായ കള്ളവോട്ടുകൾ നടത്തി ബൂത്തുകൾ പിടിക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആലോചിക്കുന്നു. ജനകീയ പോലീസിന്റെ സഹായത്തോടുകൂടി ഇല ക്ഷനെ അട്ടിമറക്കാൻ വേണ്ടിയുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ നീക്കം ഇതിന്റെ പിന്നിലുണ്ട്. പോലീസ് സ്റ്റേഷന്റെ കൺട്രോൾ സമ്പൂർണ്ണമായി കൈയടക്കി ക്കൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ഭീകരവാഴ്ച അതിന് തടസ്സമിടുന്നു എങ്കിൽ അത് ഗുരുതരമായ സ്ഥിതിവിശേഷമായിരിക്കും, ഭരണ ഘടനാ ലംഘനമായിരിക്കും ഇതുസംബന്ധിച്ച് ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടി അംഗങ്ങളും വാക്കൗട്ട് നട ത്തുന്നു.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗ ങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ശാന്ത നായി അവിടെ ഇരിക്കുകയാണ്. അദ്ദേഹത്തോട് രണ്ടുകാര്യങ്ങളേ പറയാനു ള്ളൂ. ഞങ്ങൾ ഇന്ന് ഈ അടിയന്തിരപ്രമേയം കൊണ്ടുവന്നത് സ്റ്റേറ്റിനെ ബാ ധിക്കുന്ന ഗൗരവമുള്ള വിഷയമായതുകൊണ്ടാണ്. ഇന്ന് നടക്കുന്ന ട്രെയി നിംഗ് ജനകീയ പോലീസിന്റേതല്ലായെന്ന് രാവിലെ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ തീർച്ചയായും പറയാമായിരുന്നു. മറ്റൊരുകാര്യം ഗവൺമെന്റി ന്റേതായി ഡി.ജി.പി.യുടെ പ്രസ് റിലീസ് വന്നു. ജനകീയ പോലീസ് പദ്ധതി യുടെ ഉത്ഘാടനമെന്നു പറഞ്ഞു. രാവിലെ അത് അവിടെ നടന്നു. ഞങ്ങൾ ഇന്ന് ഈ സഭയിൽ പറഞ്ഞതുകൊണ്ട് ഒരു ഗുണം കിട്ടി. ജനകീയ പോലീ സിന്റെ ട്രെയിനിംഗ് നടത്താൻ ഉദ്ദേശിച്ചത് മാറ്റിവച്ചു. അത്രയുമെങ്കിലും നേടാൻ കഴിഞ്ഞില്ലേ? സി.പി.ഐ.(എം.) ന്റെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇതിൽ എന്തെങ്കിലും ദുരൂഹത കാണും. പക്ഷെ നിങ്ങളുടെകൂടെ ഇരിക്കുന്ന വർ സപ്പോർട്ട് ചെയ്യുന്നില്ലല്ലോ. മറ്റൊന്ന്, ആ ഡ്രാഫ്റ്റ് ഞങ്ങളെ കാണിച്ചാൽ കുഴപ്പമൊന്നുമില്ല. ഞങ്ങൾക്ക് ഡ്രാഫ്റ്റ് തന്നാൽ ഞങ്ങൾക്ക് അഭിപ്രായവ്യ ത്യാസമുണ്ടെങ്കിൽ അങ്ങയോട് പറയാം. അല്ലെങ്കിൽ ചർച്ച നടത്തുന്ന സ്ഥലത്ത് ഞങ്ങൾ പറയാം. ഞങ്ങളെ കോൺഫിഡൻസിലെടുക്കണ്ടേ? മുഖ്യ മന്ത്രി പറഞ്ഞു. 'ജേക്കബിന്റെ സുഖക്കേട് വേറെയാണ്' എന്ന്. അങ്ങ് ഡോക്ടറായതിൽ എനിക്ക് വളരെ നന്ദിയുണ്ട്. എനിക്ക് ഇപ്പോൾ അസു ഖമൊന്നുമില്ല. എന്തായാലും ഞാൻ അങ്ങയോട് confrontation-ന് തയ്യാറല്ല. അങ്ങയുടെ പ്രായത്തേയും രാഷ്ട്രീയ പക്വതയേയും ഞാൻ ബഹുമാനിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നു. പക്ഷെ സഭാതലത്തിൽ ജേക്കബിന്റെ സുഖക്കേട് വേറെയാണെന്നൊക്കെ പറയുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ശരിയായില്ലായെന്ന് ഞാൻ അങ്ങയെ ഓർമപ്പെടുത്തട്ടെ. ഇത്തരത്തിലുള്ള സമീപനം ഗവൺമെന്റ് കൈവെടിയണം. ഒരു വലിയ സ്കീം ഉണ്ടാക്കുമ്പോൾ അതിന്റെ ഉദ്ദേശശുദ്ധി നല്ലനിലയിൽ നടപ്പാക്കാനാണ് നിങ്ങൾക്ക് ഉദ്ദേശമെങ്കിൽ കേരളത്തിലെ ജനങ്ങളെക്കൂടി ബോധ്യപ്പെടുത്തി ആ പരിപാടി ചെയ്യേണ്ടതാണ്. ഈ സഭയിൽ സി.പി.ഐ.(എം.)-ന്റെ കുറച്ച് ആളുകൾക്കൊഴിച്ച് ബാക്കിയാർക്കും ഈ സ്കീമിനെക്കുറിച്ച് യാതൊരു വ്യക്തതയുമില്ല. പോലീസ് സേനയിൽ വ്യക്തതയില്ല. ജനങ്ങൾക്കും വ്യക്തതയില്ല. പോലീസ് സേനയെ രാഷ്ട്രീയവൽക്കരിക്കാനുള്ള നീക്കമാണെന്ന് ഞങ്ങൾ പറഞ്ഞാൽ അങ്ങ് തെറ്റിദ്ധരിക്കരുത്. ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിഅംഗവും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഡി.ജി.പി.,ഐ.ജി.പി. മാരുടെ ദേശീയതലയോഗം ആവിഷ്ക്കരിച്ച കമ്മ്യൂണിറ്റി പോലീസ് സ്കീമിനെ സംബന്ധിച്ച പരിശീലനമാണ് ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോൾ നല്കുന്നത്. അല്ലാതെ കേരളാ പീപ്പിൾസ് പോലീസ് സ്കീം പ്രകാരമുള്ള ട്രെയിനിംഗ് അല്ല. ഇത് ഞാൻ ഒരിക്കലല്ല, രണ്ടുമൂന്നു തവണ പറഞ്ഞു. സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് ശ്രീ. കാർത്തികേയനും മറ്റ് നേതാക്കൻമാരും ഇവിടെ വിശദീകരിച്ചത്. അവർ ഇവിടെ ദുർവ്യാഖ്യാനമാണ് നടത്തിയത്. കേരളാ പീപ്പിൾസ് പോലീസ് സ്കീം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ പദ്ധതിയാണ്. അതിനെക്കുറിച്ച് ചർച്ച നടക്കുന്നതേയുള്ളൂ. ഇവിടെ നടപ്പാക്കുന്നത് അതല്ല. ഏതോ ഒരു പത്രത്തിൽ വന്ന വാർത്ത ഉദ്ധരിച്ചിട്ട് സമയം മുഴുവൻ കളയേണ്ട വല്ല ആവശ്യവുമുണ്ടോ?

(പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

III. ശ്രദ്ധക്ഷണിക്കൽ

(1) പരിസ്ഥിതി സന്തുലനവും ജൈവവൈവിദ്ധ്യവും നിലനിർത്താൻ വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, പരിസ്ഥിതി സന്തുലനവും ജൈവവൈവിദ്ധ്യവും നിലനിർത്താൻ വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സഭയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭൂമിയിൽ ജന്തു-സസ്യജാലകങ്ങളുടെ നിലനിൽപ്പിന് ശുദ്ധജലവും ശുദ്ധവായുവും അത്യന്താപേക്ഷിതമാണ്. പുതിയ സഹസ്രാബ്ദത്തിൽ മാനവരാശി നേരിടാൻപോകുന്ന ഏറ്റവും വലിയ വെല്ലുവിളി ശുദ്ധജലത്തിനും ശുദ്ധവായുവിനും വേണ്ടിയുള്ളതായിരിക്കും. വനസംരക്ഷണത്തിലൂടെ മാത്രമേ മാനവരാശിയുടെ നിലനിൽപ്പുതന്നെ സാധ്യമാകൂ. ജൈവവൈവിധ്യ സമ്പത്തും ജൈവ സാങ്കേതികവിദ്യ ആധാരമാക്കിയുള്ള വികസന പ്രവർത്തനങ്ങളും ഒരു രാഷ്ട്രത്തിന്റെ സമ്പദ്ഘടനയിൽ പരമപ്രധാനമായ

LIBRARY ARCHIVES Kerala Legislative Assembly